"ഭരണഭാഷ-മാതൃഭാഷ"

No. DWCD/462/2022-ICDSB6

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 27/05/2022
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

മാഡം ,

വിഷയം: വനിതശിശുവികസനവകുപ്പ്-ഐസിഡിഎസ്-**അങ്കണവാടി-ഹെൽപ്പർമാർക്കുള്ള Performance Linked Incentive- താത്കാലികമായി നിർത്തി വെക്കുന്നത്** - സംബന്ധിച്ച്:-

സൂചന:-
1. സ.ഉ (സാധാ) നം. 81/2019/സാനീവ തീയതി 11-02-19
2. ഈ കാര്യാലയത്തിലെ 17-02-2021 ലെ ICDS/B4-5021/21 നമ്പർ പരിപത്രം
3. ഈ കാര്യാലയത്തിലെ 16-08-2021 ലെ ICDS/B6-7777/21 നമ്പർ ഉത്തരവ്
4. ഈ കാര്യാലയത്തിലെ 05-10-2021 ലെ ICDS/B6-7777/21 നമ്പർ ഉത്തരവ്.
5. ഈ കാര്യാലയത്തിലെ 26-10-2021 ലെ ICDS/B4-5021/21 നമ്പർ പരിപത്രം.
6. ഈ കാര്യാലയത്തിലെ 18/03/2022 ലെ DWCD/462/2022-ICDSB6 നമ്പർ പരിപത്രം.

അങ്കണവാടി ഹെൽപ്പർമാർക്ക് പ്രതിമാസ ഓണറേറിയത്തിന് പുറമേ അങ്കണവാടി സെന്ററുകളുടെ ശരിയായ നടത്തിപ്പിന് , ഹെൽപ്പർമാരുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 250/-രൂപ Performance Linked Incentive (PLI) നല്കുവാൻ സൂചന (1) പ്രകാരം സർക്കാർ ഉത്തരവാകുകയും സൂചന (3) പ്രകാരം പ്രസ്തുത ഇൻസെന്റീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. തുടർന്ന് താൽക്കാലിക ഹെൽപ്പർമാർ ഉൾപ്പെടെയുള്ളവർക്ക് ഇൻസെന്റീവിന് 01-10-2018 മുതൽ പ്രാബല്യം നൽകി സൂചന (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്

മുൻ വർഷങ്ങളിലെ APIP പ്രകാരം ICDS GENERAL ൽ അങ്കണവാടി പ്രവർത്തകരുടെ ഹോണറേറിയത്തോടൊപ്പം അങ്കണവാടി ഹെൽപ്പർമാർക്ക് പ്രതിമാസം 250/-രൂപ Performance Linked Incentive (PLI) കൂടി അനുവദിച്ചിരുന്നു. എന്നാൽ നിലവിലെ **'സക്ഷം അങ്കണവാടി & പോഷൺ 2.0'** കരട് ഗൈഡ്‌ലൈനിൽ അങ്കണവാടി പ്രവർത്തകരുടെ

ഹോണറേറിയത്തോടൊപ്പം അങ്കണവാടി ഹെൽപ്പർമാർക്ക് പ്രതിമാസം 250/-രൂപ Performance Linked Incentive (PLI) ഉൾപ്പെട്ടിട്ടില്ല. എന്നാൽ പോഷൺ അഭിയാന്റെ ഭാഗമായി പ്രതിമാസം 250/-രൂപ Performance Linked Incentive (PLI) ഉൾപ്പെട്ടിട്ടുമുണ്ട്. ഐ.സി.ഡി.എസ്-ജനറൽ വിഭാഗത്തിൽ കേന്ദ്ര വിഹിതം വകയിരുതിയിട്ടില്ലാത്തതിനാൽ തുടർന്ന് ഹോണറേറിയത്തോടോപ്പം PLI അനുവദിക്കാൻ സാധിക്കുകയില്ല. ആകയാൽ **ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നത് വരെ അങ്കണവാടി ഹെൽപ്പർമാരുടെ കേന്ദ്ര വിഹിതം ഹോണറേറിയത്തോടോപ്പം പ്രതിമാസം 250/-രൂപ Performance Linked Incentive (PLI) അനുവദിക്കേണ്ടതില്ല** എന്നു അറിയിക്കുന്നു

വിശ്വസ്തതയോടെ,

വനിത ശിശുവികസന ഡയറക്ടർ

പകർപ്പ് :

1. എല്ലാ ജില്ലാ വനിതശിശു വികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്കും

Signature valid

Digitally signed by ...anka G
Date: 2022.05.2... 03:24 IST
Reason: Approv...